LIBRARY ARCHIVES Kerala Legislative Assembly

റോഡുകൾ, പാലങ്ങൾ എന്നിവയുടെ പണിക്ക് നബാർഡിൽനിന്ന് സാമ്പത്തിക സഹായം

54(4333) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിൽ നിന്ന് റോഡുകൾ, പാലങ്ങൾ എന്നിവയുടെ പണിയ്ക്ക് സാമ്പത്തിക സഹായം ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ ;

(ബി) നബാർഡിൽ നിന്ന് ഇവയ്ക്കുവേണ്ടി സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വ്യവസ്ഥകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ :

(സി) കഴിഞ്ഞവർഷം ഈയിനത്തിൽ നബാർഡിൽ നിന്നും എന്തുതുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം (അപ്രോച്ച് റോഡ് ഉൾപ്പെടെ) പി. ഡബ്ല്യു.ഡി. യുടെ കൈവശമായിരിക്കണം. റോഡുകൾക്ക് കുറഞ്ഞത് 5 കി.മീ. നീളവും 8 മീറ്റർ വീതിയും വേണ്ടതാണ്.

മറ്റു പ്രധാന വ്യവസ്ഥകൾ അനുബന്ധമായി വച്ചിരിക്കുന്നു.*

(സി) കഴിഞ്ഞവർഷം ഈയിനത്തിൽ 140 കോടി രൂപ ലഭിച്ചു.

റോഡ് വികസനത്തിനായി ചെലവഴിച്ച തുക

55 (4334) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ് വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) 2001-02, 2002-03 എന്നീ വർഷങ്ങളിൽ എന്തുതുക വീതം ചെലവഴിച്ചു ;

(സി) പ്രസ്തുത വർഷങ്ങളിൽ ബഡ്ജറ്റിൽ ഇതിനുവേണ്ടി നീക്കിവച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2001-02 -ൽ 341.25 കോടി രൂപയും 2002-2003 ൽ 587.09 കോടി രൂപയും റോഡ് വികസനത്തിനായി (റിപ്പയർ പണികൾ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ 2001-02 ൽ 17.06 കോടി രൂപയും 2002-03 -ൽ 24.15 കോടി രൂപയും ചെലവഴിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.